(ഡി) അനർഹർ ലിസ്റ്റിൽ കടന്നുകൂടി തരപ്പെടുത്തിയ ആനുകൂല്യങ്ങൾ പലിശ സഹിതം തിരിച്ചുപിടിക്കാനും, അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാനും നടപടി സ്വീകരിക്കുമോ ;

(ഇ) അനർഹരിൽ നിന്നും തിരിച്ചുപിടിക്കുന്ന തുക ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം അർഹരായ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകാനും മാതൃകാപരമായി പദ്ധതി പൂർണ്ണതയിൽ എത്തിക്കാനും സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് തിരുവനന്തപുരം ജില്ലാകളക്ടറുടെ 10-3-2010-ാം തീയതിയിലെ 8/10 ഇ.എം.എസ്.സി.സി/ റ്റി.വി.പി.എം. നമ്പർ ഉത്തരവ് പ്രകാരം ജനറൽ വിഭാഗത്തിൽ ഭവനരഹിതരായ 500 പേരുടെയും പട്ടികജാതി വിഭാഗത്തിൽ ഭവനരഹിതരായ 172 പേരുടെയും ഉൾപ്പെടെ 672 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതാണ്. മുൻഗണനാക്രമം വ്യക്തമാക്കുന്ന ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ വിഹിതം ഉപയോഗിച്ച് നടത്തിയിട്ടുള്ള എല്ലാ നിർമ്മാണങ്ങൾക്കും പഞ്ചായത്ത് $40m^2$ അധികരിക്കാതെ പെർമിറ്റ് നൽകിയിട്ടുള്ളതും, ആദ്യ ഗഡു കൊടുക്കുന്നതിന് മുമ്പായി പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. ഓവർസീയറിൽ നിന്നും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ വ്യക്തമാക്കിക്കൊണ്ടുള്ള ടെക്നിക്കൽ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതുമാണ്. ബഹുനിലമാളികകൾക്കോ വീടിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോ പെർമിറ്റ് നൽകിയിട്ടില്ല.

(സി) നിയമ വിരുദ്ധമായി നിർമ്മാണ പ്രവൃത്തികൾ നടത്തിയതായോ അനർഹരായവർ ഗുണഭോക്തൃലിസ്റ്റിൽ കടന്ന് കൂടിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) അനർഹർ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായോ അനധികൃതനിർമ്മാണം നടന്നതായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ നടന്ന ക്രമക്കേട്

167 (1637) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ ക്രമക്കേട് നടന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ബന്ധുക്കൾക്ക് ബഹുനില കെട്ടിടങ്ങൾ വയ്ക്കുന്നതിനും സ്വന്തമായി ഭവനങ്ങൾ ഉള്ളവർക്കും നിലവിലെ ഭവനത്തിന് തുടർച്ചയായുള്ള നിർമ്മാണത്തിനും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി ഫണ്ട് അനുവദിച്ചതായി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ ;

(സി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ നടന്നതായി പറയപ്പെടുന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടെ പൊതു മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃലിസ്റ്റിൽ തിരിമറി നടത്തി അനർഹരെ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തി ഇതുമായി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ അനർഹർ കടന്നുകൂടി നേടിയ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ജനപ്രതിനിധിയിൽ നിന്നും ഗുണഭോക്താവിൽനിന്നും ഈടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരായവരെക്കൂടി ഗുണഭോക്താക്കളാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ എതെങ്കിലും ക്രമക്കേട് നടന്നതായി പരാതി ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ചാനൽ വാർത്തയിൽ പരാമർശിക്കുന്ന ശ്രീമതി ബിന്ദു എസ്. വേടർ കോണം, നടുക്കാട്, നരുവാമൂട് പി. ഒ. എന്നയാളിന് പഞ്ചായത്ത് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽപ്പെടുത്തി 39.85 ച.കി വിസ്തീർണ്ണത്തിൽ ഒരു വീട് നിർമ്മിക്കുന്നതിലേയ്ക്കായി 16-4-2010 തീയതിയിലെ 347/10-11 നമ്പരായി ഒരു ബിൽഡിംഗ് പെർമിറ്റ് പഞ്ചായത്ത് നൽകിയിട്ടുള്ളതും 5-6-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസീയർ, ബിന്ദു എസ്. എന്നയവർ 39.84 ച.മി. വിസ്തീർണ്ണത്തിൽ ഫൗണ്ടേഷൻ&ബേസ്മെന്റ് പൂർത്തിയാക്കിയതായി ടെക്നിക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി 21-8-2010-ൽ അവസാനഗഡു തുക ഗുണഭോക്താവ് കൈപ്പറ്റിയുണ്ട്. ഈ കെട്ടിടം കൂടുതൽ മുറികളോടെ എക്സ്റ്റൻഷൻ പണികൾ നടത്തിയിട്ടുള്ളതായി 2010 നവംബർ മാസത്തിൽ ഒരു ചാനൽ വാർത്ത വന്നിട്ടുള്ളതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനർഹരായവർക്ക് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ ആനുകൂല്യം നൽകിയത് സംബന്ധിച്ച് പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഏതെങ്കിലും ഘട്ടത്തിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കായി തിരുവനന്തപുരം ജില്ലാകളക്ടറുടെ 10-3-2010-ലെ 8/2010 ഇ. എം. എസ്. സി. സി./റ്റി. വി. പി. എം. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയ ഗുണഭോക്താക്കൾക്ക് അല്ലാതെ മറ്റാർക്കും തന്നെ ഈ പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയിട്ടില്ലാത്തതാണ്.

(ഇ) പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇ.എം.എസ്. ഭവന പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരായവരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ നടന്ന ക്രമക്കേട്

168 (1638) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ വ്യാപകമായി അഴിമതി നടന്നതായി പത്രങ്ങളിലും, ചാനലുകളിലും വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചു ;

(ബി) അനർഹരായ ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ; അനർഹരെ ഉൾപ്പെടുത്തിയ മുഴുവൻ പേർക്കുമെതിരെ നടപടി സ്വീകരിക്കുമോ ;

(സി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ; ടി ആളുകൾ പദ്ധതിനടത്തിപ്പിൽ അഴിമതി കാണിച്ചുവെന്നുള്ള ഏതെങ്കിലും പരാതി നിലനിൽക്കുന്നുണ്ടോ ; ടി പരാതിയിന്മേൽ വകുപ്പുതലത്തിൽ കൈക്കൊണ്ട നടപടികളുടെ പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ഡി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി, വീട് അറ്റകുറ്റപ്പണി, മറ്റ് വ്യക്തിഗത ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിനു പുറത്ത് താമസിക്കുന്നവരെയും അനർഹരായവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി അടിയന്തരമായി സ്വീകരിക്കുമോ ;

(ഇ) അനർഹർ കടന്നുകൂടിയതുകാരണം ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലെ അർഹരുടെ അവസരം നഷ്ടമായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly